## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

### സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്കുള്ള ക്ലാസ്-IV ജീവനക്കാരുടെ പ്രൊമോഷൻ (2022 കാലയളവിലെ) സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആർ.ഒ.സി.1045/86/എസ്റ്റ-എ** തീയതി: 27/01/2023

---

**പരാമർശം:- 1. 20/01/2023-ലെ ഇതേ നമ്പർ ഉത്തരവ്.**

**2. ശ്രീമതി.ജെ.രാജിയുടെ 21/01/2023-ലെ അപേക്ഷ.**

**3. തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 23/01/2023-ലെ 178 നമ്പർ റിപ്പോർട്ട്.**

**4. മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 25/01/2023-ലെ 71 നമ്പർ റിപ്പോർട്ട്.**

### ഉത്തരവ്

സൂചന (1) ഉത്തരവ് പ്രകാരം ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ പ്രൊമോഷൻ അനുവദിച്ചിരുന്ന, ക്രമ നമ്പർ (1) ശ്രീ.എസ്.രാധാകൃഷ്ണൻ, ശാന്തി, പത്മതീർത്ഥക്കര ദേവസ്വം, തിരുവനന്തപുരം ഗ്രൂപ്പ്, ക്രമ നമ്പർ (7) ശ്രീ.വി.പത്മനാഭൻ നമ്പൂതിരി, ശാന്തി, ചെന്തിട്ട ദേവസ്വം, തിരുവനന്തപുരം ഗ്രൂപ്പ്, ക്രമ നമ്പർ (11) ശ്രീ.രഘുകുമാർ, കഴകം, കൊയ്പ്പള്ളി കാരാഴ്മ ദേവസ്വം, മാവേലിക്കര ഗ്രൂപ്പ് എന്നിവർ പ്രൊമോഷൻ ഉപേക്ഷിക്കുന്നതായി വിവരിച്ച്കൊണ്ട് അപേക്ഷ സമർപ്പിച്ചു (പരാമർശം 3, 4).

ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റിലെ അടുത്ത സീനിയർമാരായ ചുവടെ വിവരിക്കുന്ന ക്ലാസ്-IV ജീവനക്കാർക്ക് ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്ക് 26,500 - 60,700 രൂപ ശമ്പള സ്കെയിലിൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി നോക്കിവരുന്ന ലാവണം, സ്ഥലം | പ്രൊമോഷൻ അനുവദിക്കുന്ന ആഫീസ്/ദേവസ്വം |
|---|---|---|
| 1. | ശ്രീ.എൻ.വേണുഗോപാൽ<br>ശാന്തി, ചടയമംഗലം ദേവസ്വം<br>കൊട്ടാരക്കര ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>ഭരണിക്കാവ് സബ്ഗ്രൂപ്പ്<br>പുനലൂർ ഗ്രൂപ്പ്. |
| 2. | ശ്രീ.സന്തോഷ്കുമാർ<br>വാച്ചർ, തൃക്കടവൂർ ദേവസ്വം<br>കൊല്ലം ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>ഉപരികുന്നം സബ്ഗ്രൂപ്പ്<br>കൊല്ലം ഗ്രൂപ്പ് |

(മറുപുറം..)

| | | |
|---|---|---|
| 3. | ശ്രീ.റ്റി.എൻ.പ്രദീപ്<br>വാച്ചർ, പുതിയകാവ് ദേവസ്വം<br>കൊല്ലം ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>പാവുമ്പ സബ്ഗ്രൂപ്പ്<br>(Against Vacancy)<br>കരുനാഗപ്പള്ളി ഗ്രൂപ്പ്. |

കൂടാതെ ചുവടെ വിവരിക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥലംമാറ്റം അനുവദിക്കുന്ന സ്ഥലം |
|---|---|---|
| 1. | ശ്രീമതി.ജെ.രാജി<br>സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>ഉപരികുന്നം സബ്ഗ്രൂപ്പ്<br>കൊല്ലം ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>മണലിൽ സബ്ഗ്രൂപ്പ്<br>കൊല്ലം ഗ്രൂപ്പ് |

മേൽ വിവരിക്കുന്നവർക്ക്, തുടർച്ചയായ മൂന്ന് വർഷത്തെ ഡ്യൂട്ടിയിൽ രണ്ട് വർഷം പ്രൊബേഷൻ കാലയളവായിരിക്കും. കൂടാതെ സബ്ഗ്രൂപ്പ് ആഫീസർമാരായി നിയോഗിച്ചിട്ടുള്ളവർ ഗ്രൂപ്പിനുള്ളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർമാരിൽ നിന്നും ടിയാളുകളുടെ ജോലിയ്ക്ക് തടസ്സം ഉണ്ടാകാത്തവിധം പ്രവേശന തീയതി മുതൽ തുടർന്നുള്ള 20 ദിവസത്തെ പ്രായോഗിക പരിശീലനം നേടേണ്ടതാണ്. ദേവസ്വം ആഫീസുകളിൽ നിയമനം നടത്തിയിട്ടുള്ളവർക്ക് ഓഫീസ് തലവന്റെ നേതൃത്വത്തിൽ 20 ദിവസത്തെ പരിശീലനം നൽകേണ്ടതാണ്.

ടി പ്രായോഗിക പരിശീലനം നൽകിയത് സംബന്ധിച്ചും,പരിശീലനാർത്ഥികളുടെ മികവ് സംബന്ധിച്ചും ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ഓഫീസ് തലവൻ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർമാർ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.27/01